# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6499 08.11.2016-ൽ മറുപടിയ്ക്ക്

## ഫിസിയോ തെറാപ്പി,ഓക്കുപ്പേഷണൽ തെറാപ്പി കോഴ്സുകൾക്ക് പ്രത്യേക കൗൺസിൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഫിസിയോ തെറാപ്പി ഓക്കുപ്പേഷണൽ തെറാപ്പി കോഴ്സുകൾക്ക് പ്രത്യേക കൗൺസിൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഇക്കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 18.05.2016 ലെ എച്ച്.ആർ.എം.പി. നം. 5066/2016 നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ഫിസിയോ തെറാപ്പി കോഴ്സുകൾക്ക് പ്രത്യേക കൗൺസിൽ രൂപീകരിക്കുന്ന കാര്യം 648987/കെ2/16/ആ.കു.വ ഫയലിൽ പരിശോധിച്ചു വരികയാണ്. ഓക്കുപ്പേഷണൽ തെറാപ്പി കോഴ്സുകൾക്ക് പ്രത്യേക കൗൺസിൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ നിന്നും ഈ കോഴ്സുകൾ പാസ്സായി വരുന്ന കുട്ടികൾക്ക് സംസ്ഥാനത്ത് രജിസ്ട്രേഷൻ നടത്തുന്നതിനും ചികിത്സാ രീതികൾ നടപ്പിൽ വരുത്തുന്നതിനും വ്യാജ ചികിത്സാ രീതികൾ തടയുന്നതിനും കൗൺസിൽ എന്ന ആശയം അത്യന്താപേക്ഷിതമാണ് എന്ന കാര്യം പരിശോധിക്കുമോ; | (ബി) | പരിശോധിച്ചു വരുന്നു. |
| (സി) | ഇതു സംബന്ധിച്ച് ഉണ്ടായിരിക്കുന്ന അനിശ്ചിതത്വം വകുപ്പ് തലത്തിൽ പരിശോധിക്കുവാൻ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (സി) | അലൈഡ് & ഹെൽത്ത് കെയർ പ്രൊഫഷണൽസ് സെൻട്രൽ കൗൺസിൽ ബിൽ 2015 കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ എല്ലാ സ്വതന്ത്ര പാരാമെഡിക്കൽ കൗൺസിലുകളും സംസ്ഥാന അലൈഡ് & ഹെൽത്ത് കെയർ പ്രൊഫഷണൽസ് കൗൺസിലിൽ ഉൾപ്പെടുത്തുവാനാണ് കരട് ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇതുസംബന്ധിച്ച് മറ്റ് അനിശ്ചിതത്വങ്ങളൊന്നും തന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ